# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

( Reg.No. 01-14/87- Aff. 10485 )

V.P. MARAKKAR SMARAKA MANDIRAM

AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001

Phone: 0471-2471087, Fax: 0471-2471087

Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |


തിരുവനന്തപുരം

19-02-2015

സ്വീകർത്താവ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

വൈദ്യുതിഭവൻ, പട്ടം

തിരുവനന്തപുരം

സർ,

വിഷയം: വർക്ക്മെൻ ജനറൽ ട്രാൻസ്ഫർ 2015 അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

വൈദ്യുതി ബോർഡിൽ (KSEB Ltd) വർക്ക്മെൻ വിഭാഗത്തിൽ ജനറൽ ട്രാൻസ്ഫറിനുള്ള അപേക്ഷ ഇതുവരെയും ക്ഷണിച്ചിട്ടില്ല. അതേസമയം ഓഫീസർ വിഭാഗത്തിലെ അപേക്ഷ ക്ഷണിച്ചു കഴിഞ്ഞു. സാധാരണ എല്ലാ വർഷവും പ്രസ്തുത അപേക്ഷ ക്ഷണിക്കുന്നത് ജനുവരി - ഫെബ്രുവരി മാസങ്ങളിലാണ്. കഴിഞ്ഞ വർഷം അപേക്ഷ കൊടുക്കുവാനുള്ള അവസാന തീയതി മാർച്ച് 15 ന് ആയിരുന്നു. റഫറണ്ടം എന്ന സാങ്കേതികത്വം പറഞ്ഞ് അപേക്ഷ ക്ഷണിക്കാതിരിക്കുന്നത് നിരുത്തരവാദപരവും തൊഴിലാളി ദ്രോഹവുമാണ്. റഫറണ്ടവും ജനറൽ ട്രാൻസ്ഫറിന് അപേക്ഷ ക്ഷണിക്കുന്നതും തമ്മിൽ യാതൊരു ബന്ധവുമില്ല. അപേക്ഷ ക്ഷണിച്ചാലും ബോർഡിൽ ട്രാൻസ്ഫർ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംഘടനകളുമായി ചർച്ച ചെയ്ത് Cutt off Date തീരുമാനിച്ചതിനുശേഷം മാത്രമാണ്. റഫറണ്ടത്തിനുള്ള ആദ്യഘട്ട ജോലികൾ മാത്രമേ തുടങ്ങിയിട്ടുള്ളു. മത്സരിക്കാൻ യോഗ്യരായ യൂണിയനുകളുടെ ലിസ്റ്റ് ലേബർ കമ്മീഷണർ പബ്ലിഷ് ചെയ്തതിനുശേഷം, റിട്ടേണിംഗ് ഓഫീസറുടെ പോസ്റ്റിംഗ്, നോട്ടിഫിക്കേഷൻ, Voters List തയ്യാറാക്കൽ, Ballet Box ലഭ്യമാക്കൽ തുടങ്ങിയ ജോലികൾ ഉള്ളതിനാൽ ഇതിന് താമസമെടുക്കും.

മലബാർ മേഖലയിലേക്ക് കഴിഞ്ഞ വർഷം ട്രാൻസ്ഫർ ആയവരെ സംബന്ധിച്ചിടത്തോളം അവർക്ക് മേയ്, ജൂൺ മാസങ്ങളിൽ ട്രാൻസ്ഫർ കിട്ടണം. റഫറണ്ടത്തിനുശേഷം അപേക്ഷ ക്ഷണിച്ച്, അപേക്ഷിക്കാൻ ഒരു മാസം കാലാവധി നൽകി, പരിശോധനകൾ പൂർത്തിയായി വരുമ്പോഴേയ്ക്ക് മുൻസിപ്പൽ പഞ്ചായത്ത് ഇലക്ഷന്റെ പെരുമാറ്റച്ചട്ടം നിലവിൽ വരും. അപേക്ഷകൾ HRI's ലൂടെ സ്വീകരിക്കുന്നെങ്കിലും ട്രാൻസ്ഫറുകൾ കുറ്റമറ്റതാക്കണമെങ്കിൽ മാനുവൽ വെരിഫിക്കേഷൻ അത്യാവശ്യമാണെന്നുള്ള കാര്യം കഴിഞ്ഞ വർഷങ്ങളിൽ തെളിയിക്കപ്പെട്ടിരിക്കുകയാണ്. തീരുമാനം വൈകുന്നതുമൂലം ഒരു വർഷത്തെ ട്രാൻസ്ഫർ ഇല്ലാതെ വരുന്ന സാഹചര്യം ഉണ്ടാകും. ഈ സാഹചര്യം സൃഷ്ടിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. റഫറണ്ടം നടക്കാൻ പോകുന്നതുകൊണ്ട് ട്രാൻസ്ഫറിനുള്ള അപേക്ഷ ക്ഷണിക്കാൻ പാടില്ലായെന്ന് ഏതെങ്കിലും സംഘടന ആവശ്യപ്പെട്ടിട്ടുങ്കിൽ അത് വ്യക്തമാക്കുന്നത് ജീവനക്കാരുടെ സംശയം ദൂരികരിക്കുവാൻ സാധിക്കും.

ആയതിനാൽ ഉടൻ ജനറൽ ട്രാൻസ്ഫർ 2015 ലേയ്ക്ക് അപേക്ഷ ക്ഷണിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ (HRM) ന് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി